pk

**ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം**

**( ഹാജർ : ഡോ. കെ. എം. രാമാനന്ദൻ. ഐ.എ.എസ്. )**

പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ , തിരുവനന്തപുരം - 33.

എൽ.ആർ.എ3-8424/2007 തീയതി- 05-05-2008

**13266**

വിഷയം;- കേരള മുദ്രപ്പത്ര നിയമം 54(1) പ്രകാരം കാടാച്ചിറ സബ്രജിസ്ട്രാറാഫീസിലെ പി1/06 നമ്പർ ബന്തവസ്സാധാരത്തിൻമേൽ കണ്ണൂർ ജില്ലാ രജിസ്ട്രാർ ജനറൽ പുറപ്പെടുവിച്ച ഉത്തരവിനെതിരായ അപ്പീൽ ഹർജി- ഉത്തരവായി

വായന;- 07.02.07-ൽ തെക്കെവീട്ടിൽ ശ്രീ.സഹദേവൻ സമർപ്പിച്ച അപ്പീൽ ഹർജി

കാടാച്ചിറ സബ്രജിസ്ട്രാറാഫീസിലെ പി1/06 നമ്പർ ബന്തവസ്സാധാരത്തിന് 24000/- രൂപ മുദ്രസലയും 100/- രൂപ പിഴയും അടയ്ക്കണമെന്ന കണ്ണൂർ ജില്ലാ രജിസ്ട്രാർ ജനറലിന്റെ 30/09/06-ലെ ജി1-5130/06 നമ്പർ ഉത്തരവിനെതിരെ ശ്രീ.സഹദേവൻ സമർപ്പിച്ചിട്ടുള്ളതാണ് പ്രസ്തുത അപ്പീൽ ഹർജി

650000/- രൂപയുടെ ഒട്ടുസലയും 500000/- രൂപയുടെ വിഭാഗസലയുമുള്ള ഒരു ഭാഗപത്രാധാരമായാണ് പ്രസ്തുത ബന്തവസ്സാധാരം ചമച്ചിട്ടുള്ളത്. കേരളമുദ്രപത്രനിയമം ആർട്ടിക്കിൾ 42(1)-ൽ പെടുന്ന ഭാഗപത്രാധാരത്തിന് വിഭാഗസലയുടെ 5% മുദ്രസല ഈടാക്കാൻ 12-ാം കേരള നിയമസഭയിൽ 2006-ലെ ഫിനാൻസ് ബില്ലിൽ പാസ്സായിട്ടുണ്ടെന്നും, ആയതിനാൽ 650000/- രൂപ ഒട്ടുസലയും, 500000/- രൂപ വിഭാഗസലയുമുള്ള ഈ ആധാരത്തിന് കക്ഷി അടച്ച 1000/- രൂപ കഴിച്ച് 24000/- രൂപ മുദ്രസലയും, 100/- രൂപ പിഴയും ഈടാക്കേണ്ടതാണെന്ന് കണ്ണൂർ ജില്ലാ രജിസ്ട്രാർ ജനറൽ അഭിപ്രായപ്പെട്ടിട്ടുള്ളതും

2006-ലെ 11-ാം നിയമസഭാ സമ്മേളനത്തിലെ 355-ാം നമ്പർ ധനകാര്യ ബില്ല് പ്രകാരമാണ് കേരളമുദ്രപത്രനിയമം ഷെഡ്യൂൾ ആർട്ടിക്കിൾ 42(1) പ്രകാരം "ഭാഗപത്രാധാരത്തിന് വിഭാഗസലയുടെ 5% മുദ്രസല ഈടാക്കേണ്ടതാണെന്നുള്ളത്". 01.04.06 മുതൽ പരമാവധി 1000/- രൂപയാക്കിയിരുന്നതെന്നും, 29.06.06-ലെ 12-ാം നിയമസഭാ സമ്മേളനത്തിൽ 12-ാം നമ്പരായി മറ്റൊരു ധനകാര്യ ബിൽ അവതരിപ്പിച്ചതായും, ആയതിൽ കേരളമുദ്രപ്പത്രനിയമം 42(1) പ്രകാരം ഭാഗപത്രാധാരത്തിന് പരമാവധി മുദ്രസല 1000/- രൂപയെന്നതിനെപ്പറ്റി പരാമർശമൊന്നും ഉണ്ടായിരിന്നില്ലെന്നും, മേൽ സാഹചര്യത്തിൽ ഭാഗപത്രാധാരത്തിന് പരമാവധി മുദ്രസല 1000/- രൂപയെന്നത് എത്രകാലം വരെ പ്രാബല്യത്തിലുണ്ടാകും എന്നതിനെപ്പറ്റി ആരാഞ്ഞതിൽ ഇൻഡ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 196-ലെ

GOVERNMENT OF KE

ക്ലോസ്സ് (5) പ്രകാരം സംസ്ഥാന നിയമസഭയിൽ പെൻഡിംഗിലുള്ള ബില്ലോ, അല്ലെങ്കിൽ നിയമസഭയിൽ പാസ്സാക്കിയിട്ടുള്ളതും എന്നാൽ നിയമസഭാ കൗൺസിലിൽ പെൻഡിംഗിലുള്ളതോ ആയ ബിൽ, നിയമസഭ പിരിച്ചു വിടുന്നതോടെ ലാപ്സാകുമെന്നും, പതിനൊന്നാം നിയമസഭ 12.05.06-ൽ പിരിച്ചു വിട്ടതിനാൽ ഭാഗപത്രാധാരത്തിന് പരമാവധി മുദ്രസല 1000/- എന്നത് പതിനൊന്നാം നിയമസഭയിൽ ബില്ല് അവതരിപ്പിച്ച 01.04.06 മുതൽ നിയമസഭ പിരിച്ചുവിട്ട 12.05.06 വരെയുള്ള കാലാവധിയിൽ മാത്രം ബാധകമായിരുന്നുവെന്നും, 27.05.06-ൽ എഴുതി ഒപ്പിട്ട ബന്തവസ്സാധാരത്തിന് കേരള മുദ്രപത്രനിയമം ആർട്ടിക്കിൾ 42(1) പ്രകാരം വിഭാഗസലയുടെ 5% മുദ്രസല ആവശ്യമാണെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലും അഭിപ്രായപ്പെട്ടിരിക്കുന്നു.

അപ്പീൽ പരാതി പരിശോധിച്ചതിൽ കേരളമുദ്രപത്രനിയമം (17) പ്രകാരം മുദ്രവില ചുമത്തത്തക്കതും, കേരള സംസ്ഥാനത്തു വച്ച് ഏതെങ്കിലും ഒരാൾ എഴുതിക്കൊടുക്കുന്നതുമായ എല്ലാ കരണങ്ങൾക്കും അവ എഴുതിക്കൊടുക്കുന്നതിനു മുമ്പോ, എഴുതി കൊടുക്കുന്ന സമയത്തോ, മുദ്ര പതിപ്പിക്കേണ്ടതാണെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ 01.04.06-ലെ ഫിനാൻസ് ബിൽ പ്രകാരം നിലവിൽ വന്ന, "ഭാഗപത്രാധാരത്തിന് പരമാവധി മുദ്രസല 1000/- എന്നത് 27.05.06-ൽ എഴുതി ഒപ്പിട്ട ആധാരത്തിന് അടച്ചിട്ടുള്ളതായും, ആയതിനാൽ ജില്ലാ രജിസ്ട്രാർ ജനറലിന്റെ ഉത്തരവ് റദ്ദു ചെയ്യണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

ബന്തവസ്സാധാരം പരിശോധിച്ചതിൽ 27.05.06-ൽ എഴുതി ഒപ്പിട്ടിട്ടുള്ളതും, കേരളമുദ്രപത്രനിയമം ആർട്ടിക്കിൾ 42(1)-ൽപ്പെടുന്നതുമായ ഭാഗപത്രാധാരമാണെന്ന് കാണുന്നു. ഭാഗപത്രാധാരത്തിന് കേരളമുദ്രപത്ര നിയമം ആർട്ടിക്കിൾ 42(1) പ്രകാരം :വസ്തുവിന്റെ വേർതിരിയ്ക്കപ്പെട്ട ഓഹരിയുടെയോ, മൂല്യത്തുകയ്ക്കുള്ള ഒരു കപ്പൽ പണയാധാരത്തിനെന്ന പോലെയുള്ള മുദ്രസല ആവശ്യമാണ്". അതായത് വിഭാഗസലയുടെ 5%. 01.04.06-ലെ 11-ാം നിയമസഭാ സമ്മേളനത്തിലെ ധനകാര്യബില്ല് പ്രകാരമാണ് ഭാഗപത്രാധാരത്തിന് വിഭാഗസലയുടെ 5% എന്നത് പരമാവധി 1000/- രൂപയെന്ന് നിജപ്പെടുത്തിയിരുന്നത്. ഇൻഡ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 196-ലെ ഭാഗം (5) പ്രകാരം സംസ്ഥാന നിയമസഭയിൽ പെൻഡിംഗിലുള്ളതോ, അല്ലെങ്കിൽ നിയമസഭയിൽ പാസ്സാക്കിയിട്ടുള്ളതും, എന്നാൽ നിയമസഭാ കൗൺസിലിൽ പെൻഡിംഗിലുള്ളതോ ആയ ബിൽ നിയമസഭ പിരിച്ചുവിടുന്നതോടെ ലാപ്സാകുമെന്ന് പരാമർശിച്ചിരിക്കുന്നു. ഇതിൽ നിന്നും ഭാഗപത്രാധാരത്തിന് പരമാവധി 1000/- രൂപ മുദ്രസലയെന്നത് പതിനൊന്നാം നിയമസഭയിൽ ബില്ല് അവതരിപ്പിച്ച 01.04.06 മുതൽ നിയമസഭപിരിച്ചുവിട്ട 12.05.06 വരെയുള്ള കാലാവധിയിൽ മാത്രമേ ബാധകമാകുയെന്ന് കാണുന്നു. ഇൻഡ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ196-ലെ ഭാഗം 5 പ്രകാരം 12.05.06-ന് ശേഷം എഴുതി

GOVERNMENT OF KE

13

ഒപ്പിട്ട ഈ ആധാരത്തിന് 24000/- രൂപ മുദ്രസലയും 100/- രൂപ പിഴയും ഈടാക്കേണ്ടതാണ്.

## ഉത്തരവ്

07-04-2008 ൽ അപ്പീൽ ഹർജിക്കാരന് വേണ്ടി ശ്രീ. ചന്ദ്രശേഖരൻ നായർ വിചാരണയ്ക്കായി ഹാജരായി. പ്രസ്തുത ബന്ധവസ്തുാധാരം ഒരു ഭാഗപത്രമാണെന്നും 01-04-2006 ലെ സർക്കാർ ഉത്തരവനുസരിച്ച് ഭാഗപത്രാധാരത്തിന് പരമാവധി 1,000/- രൂപയാണ് മുദ്രവിലയെന്നും, മേൽ സർക്കാർ ഉത്തരവനുസരിച്ച് 27-05-2006 ൽ തയ്യാറാക്കി 14-07-2006 ൽ ബന്ധവസ്തുാധാരം രജിസ്റ്റർ ചെയ്തിരുന്നതായും 01-07-2006 ലാണ് സർക്കാർ ഉത്തരവ് പിൻവലിച്ചതെന്നും , നിയമപ്രകാരം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിന് 4 മാസത്തെ സമയം അവനുവദിച്ചിട്ടുണ്ടെന്നും , ആയതിനാൽ 14-07-2006 ൽ രജിസ്റ്റർ ചെയ്ത ആധാരത്തിന് വിഭാഗ സലയുടെ 5% മുദ്രസല ചുമത്തിയിട്ടുള്ളത് ശരിയല്ലെന്നും, പ്രസ്തുത ബന്ധവസ്തുാധാരത്തിന് മതിയായ മുദ്രവില അടച്ചിട്ടുണ്ടെന്നും ഹർജിക്കാരൻ വാദിച്ചു.

അപ്പീൽ ഹർജിക്കാരന്റെ അവകാശ വാദം ബിൽ നിയമ സഭയിൽ അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ഭാഗപത്രാധാരത്തിന് പരമാവധി മുദ്രവില 1,000 /- രൂപയെന്നത് 01-04-2006 മുതൽ 12-05-2006 വരെയുള്ള തീയതികളിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങൾക്ക് മാത്രമേ ബാധകമാകൂ. പ്രസ്തുത ബന്ധവസ്തുാധാരം 12-05-2006 ന് ശേഷമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രസ്തുത ബന്ധവസ്തുാധാരത്തിന് 24,000 /- മുദ്രവിലയും 1,000 /0 രൂപ പിഴയും അടയ്ക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

ഒപ്പ്
കമ്മീഷണർ

തെക്കെവീട്ടിൽ ശ്രീ സഹദേവൻ
S/o കോരൻ വൈദ്യർ,
ജ്യോതി നിവാസ്,
ചെലൊറ അംശം, മാച്ചേരി ദേശം,
മൌവ്വഞ്ചേരി പി ഒ.,

പകർപ്പ്

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

പുറത്തെഴുത്ത് നമ്പർ RR4-10550/07

രജിസ്ട്രേഷൻ ഐ.ജി. ഓഫീസ്

തിരുവനന്തപുരം

4.6.2008

ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു. ആയതനുസരിച്ച് പൂർത്തിയാക്കി കമ്മിക്ക് മാറ്റി നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

താങ്കളുടെ വിശ്വസ്തൻ

(ഒപ്പ്)

രജി. ഐ.ജി.ക്കുവേണ്ടി

പകർപ്പ്: ജില്ലാ രജിസ്ട്രാർ (ജനറൽ)
കണ്ണൂർ

എല്ലാ ഡി.ഐ.ജി. മാർക്കും
എല്ലാ ജില്ലാ രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്) മാർക്കും } E-mail മുഖാന്തിരം

ഫയൽ 3/5/08

(ഒപ്പ്) 4.6.08